Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം.കൈറ്റ്/2021/1702 (30) തീയതി : 30.10.2021

# സർക്കുലർ

വിഷയം :- **കൈറ്റ് – ജി-സ്യൂട്ട് ഉപയോഗിച്ച് ഓൺലൈൻ പഠനം – എട്ട് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിലെ കുട്ടികൾക്ക് പഠനം ഒരുക്കുന്നത് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന :-

1. ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രിയുടെ 02.09.2021 വൈകിട്ട് 4.30 ന് നടത്തിയ യോഗത്തിന്റെ മിനിറ്റ്സ്.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 07.09.2021 ലെ ക്യൂ.ഐ.പി.(1)/247365/2021/ഡി.ജി.ഇ. നമ്പർ സർക്കുലർ.
3. ഈ ഓഫീസിലെ 09.09.2021 ലെ കൈറ്റ്/2021/1702 (14) നമ്പർ സർക്കുലർ
4. പൊതുവിദ്യാഭ്യാസ (വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗം) ഡയറക്ടറുടെ 28.10.2021 ലെ സി1/6076/2021 നമ്പർ സർക്കുലർ.
5. പൊതുവിദ്യാഭ്യാസ (ഹയർസെക്കന്ററി വിഭാഗം) ഡയറക്ടറുടെ 29.10.2021 ലെ എസിഡി.എസ്.പി.സി(2)/216669/2021/എച്ച്.എസ്.ഇ നമ്പർ സർക്കുലർ.

നവംബർ ഒന്നു മുതൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുമ്പോൾ അധ്യാപകരും വിദ്യാർത്ഥികളും നേരിട്ട് സ്കൂളിലെത്തിയുള്ള പഠനം, ഡിജിറ്റൽ പഠനം, ഓൺലൈൻ പഠനം എന്നിവയെല്ലാം പ്രയോജനപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. കൈറ്റ് വിക്ടേഴ്സിലൂടെ സംപ്രേഷണ സമയം ക്രമീകരിച്ചുകൊണ്ട് ഡിജിറ്റൽ ക്ലാസുകളും ജി-സ്യൂട്ട് സംവിധാനം പ്രയോജനപ്പെടുത്തിയുള്ള ഓൺലൈൻ ക്ലാസുകളും കൈറ്റ് സജ്ജീകരിച്ചിട്ടുണ്ട്. ഓൺലൈൻ ക്ലാസുകൾ ഘട്ടം ഘട്ടമായി നടപ്പിലാക്കാൻ തീരുമാനിച്ചതിനാൽ ജി-സ്യൂട്ട് പൈലറ്റിനു ശേഷം പത്താംക്ലാസിൽ ഓൺലൈൻ പഠനം ആരംഭിച്ചിട്ടുണ്ട്. തുടർന്ന് 12, 9, 8 ക്ലാസുകളിലും ജി-സ്യൂട്ട് സംവിധാനം പ്രയോജനപ്പെടുത്തി ക്ലാസുകൾ നടത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. സൂചന 2, 3 പ്രകാരം പൊതുവിദ്യാലങ്ങളിൽ പത്താംക്ലാസിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്ന അധ്യാപകർക്കും പഠിക്കുന്ന കുട്ടികൾക്കും ജി-സ്യൂട്ടിൽ യൂസർ ഐഡിയും പാസ്‌വേഡും സജ്ജമാക്കി നൽകുകയും പരിശീലനം നടത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമുള്ളപക്ഷം ഇത് തുടരാവുന്നതാണ്.

2. പ്ലസ് വൺ പരീക്ഷ, മൂല്യനിർണ്ണയം എന്നീ കാരണങ്ങളാൽ ജി-സ്യൂട്ടിൽ പരിശീലനം ലഭിക്കാത്ത ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗം അധ്യാപകർക്ക് സൂചന 4, 5 പ്രകാരം പരിശീലനം നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്ന എച്ച്ഐടിസി/ ജോയിന്റ് എച്ച്ഐടിസിമാരുടെ വിശദാംശം അതത് പ്രഥമാധ്യാപകർ ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ (ict.kite.kerala.gov.in/tms/tms2021) നവംബർ 3 നു മുമ്പ് ഉൾപ്പെടുത്തേണ്ടതാണ്. ചുമതലയുള്ള മാസ്റ്റർ ട്രെയിനർ ഇത് ഉറപ്പ് വരുത്തേണ്ടതാണ്.

3. പരീക്ഷാ മൂല്യനിർണ്ണയ ഡ്യൂട്ടി പോലെ ഒഴിവാക്കാൻ കഴിയാത്ത ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന അധ്യാപകർക്ക് പരിശീലനത്തിനായി അതത് സ്കൂൾ പ്രഥമാധ്യാപകർ കൈറ്റിന്റെ ജില്ലാ ഓഫീസുമായി ബന്ധപ്പെട്ട് മറ്റൊരു ദിവസം ക്രമീകരിക്കാവുന്നതാണ്.

4. സൂചന 2, 3 പ്രകാരം പരിശീലനം ലഭിച്ച അധ്യാപകർ 8, 9 ക്ലാസുകളിലെ വിദ്യാർത്ഥികൾക്കും ക്ലാസുകളെടുക്കുന്നതിനാൽ പ്രസ്തുത ക്ലാസുകളിലെ കുട്ടികൾക്കും ഓൺലൈൻ പഠനം ആരംഭിക്കാവുന്നതാണ്.

5. 8, 9 ക്ലാസുകളിലെ ഓൺലൈൻ പഠനത്തിനായി കൈറ്റ് സജ്ജമാക്കുന്ന ജി-സ്യൂട്ട് യൂസർ ഐഡിയും പാസ്‌വേഡും കുട്ടികൾക്ക് ലഭ്യമാക്കി ഉപയോഗിക്കേണ്ടതാണ്.

6. പരിശീലനം ലഭിക്കാത്ത ഹൈസ്കൂൾ വിഭാഗം അധ്യാപകർക്ക് അതത് സ്കൂളുകളിലെ മറ്റ് അധ്യാപകരുടേയോ കൈറ്റിന്റെ ജില്ലാ ഓഫീസിന്റേയോ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

7. ഹയർസെക്കന്ററിവിഭാഗം കുട്ടികൾക്ക് ജി-സ്യൂട്ട് യൂസർ ഐഡിയും പാസ്‌വേഡും സജ്ജമാക്കുന്നതിന് 'സമ്പൂർണ' ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സിസ്റ്റത്തിലെ ജി-സ്യൂട്ട് ലിങ്കിൽ hscap ന്റെ ഐഡി ഉപയോഗിച്ച് ലോഗിൻ ചെയ്ത് കുട്ടിയുടെ ക്ലാസ് ഡിവിഷനും (ഓരോ കോഴ്സിനും A, B, C ...... എന്ന ക്രമത്തിൽ) സെക്കന്റ് ലാംഗ്വേജും അതത് സ്കൂൾ പ്രഥമാധ്യാപകരുടെ ഉത്തരവാദിത്വത്തിൽ ഉൾപ്പെടുത്തേണ്ടതാണ് (യൂസർ ഗൈഡ് സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്).

**കെ.അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ ഹൈസ്കൂൾ/ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ പ്രഥമാധ്യാപകർക്കും
എല്ലാ ജില്ലാ കോ-ഓർഡിനേറ്റർ/മാസ്റ്റർ ട്രെയിനർമാർക്കും

പകർപ്പ്:
പൊതുവിദ്യാഭ്യാസ ഡയറക്ടർ – അറിവിലേയ്ക്ക്
ജോയിന്റ് ഡയറക്ടർ (അക്കാദമിക്), എച്ച്.എസ്.ഇ
ഡെപ്യൂട്ടി ഡയറക്ടർ (കരിക്കുലം), വി.എച്ച്.എസ്.ഇ
എല്ലാ ആർ.ഡി.ഡി(എച്ച്.എസ്.ഇ)/എ.ഡി(വി.എച്ച്.എസ്.ഇ) മാർക്കും
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
സ്റ്റോക്ക് ഫയൽ